**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2932** **07-10-2025 - ൽ മറുപടിയ്ക്ക്**

**തമിഴ് ഭാഷ സംസാരിക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ തടസ്സം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം താലൂക്കിലെ തോട്ടം മേഖലയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട തമിഴ് ഭാഷ സംസാരിക്കുന്ന ആളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വകുപ്പ് മുഖേന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കേരളത്തിലേക്ക് കുടിയേറിയ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗക്കാർക്ക് നിർദിഷ്ട രേഖകളുടെ അഭാവത്താൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ പലപ്പോഴും ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടിയേറ്റക്കാർക്ക് കുടിയേറിയ സംസ്ഥാനത്ത് പദവിയും ജാതിസർട്ടിഫിക്കറ്റും നൽകുന്നത് കേന്ദ്രസർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 12.02.1986-ലെ സ.ഉ.(കൈ)നം.10/86/പജപവവിവ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന് മുമ്പ് കേരളത്തിൽ വന്ന് സ്ഥിരതാമസമാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കു മാത്രമേ നിലവിൽ കുടിയേറിയ സംസ്ഥാനത്ത് ആനുകൂല്യങ്ങൾക്കും പദവിയ്ക്കും അർഹതയുള്ളൂ. കൂടാതെ പ്രസ്തുത പട്ടികജാതി/ പട്ടികവർഗ്ഗം രണ്ട് സംസ്ഥാനങ്ങളുടെയും ലിസ്റ്റിൽ ഉൾപ്പെട്ടതുമായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാരായ കുടിയേറ്റക്കാരുടെ വിഷയം ഭരണഘടനാപരമായി കേന്ദ്രസർക്കാരിന്റെ മാത്രം അധികാരപരിധിയിൽ വരുന്ന വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഒരു തീരുമാനവും കൈക്കൊള്ളാൻ സാധിക്കുകയില്ല. അതിനാൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന "1950-ലെ പ്രസിഡൻഷ്യൽ വിജ്ഞാപനം" എന്ന സമയപരിധിയിൽ ഇളവ് അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ, നിയമം, പട്ടികവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിമാർ യോഗം ചേരുകയും തുടർന്ന് മുഖ്യമന്ത്രി യോഗം വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ